## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6212

08.07.2014-ൽ
മറുപടിയ്ക്ക്

## വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ധ സമിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിമുക്ത ഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഇല്ല.<br>എന്നാൽ, സൈനിക ക്ഷേമ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെക്സ്കോൺ സംസ്ഥാനത്തെ വിമുക്ത ഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) സമിതിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) കെക്സ്കോൺ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ; | (സി)<br>1. വിമുക്ത ഭടന്മാർക്കായി ആധുനിക സംവിധാനമുള്ള ഒരു Veteran Hospital നിർമ്മിക്കുക.<br>2. വിമുക്തഭടന്മാരുടെ Task Force രൂപീകരിക്കുക.<br>3. സർക്കാർ ജോലിക്കായി വിമുക്ത ഭടന്മാർക്ക് ഗ്രൂപ്പ് സി, ഡി തസ്തികകളിൽ 5% മുതൽ 10% വരെ സംവരണം ഏർപ്പെടുത്തുക.<br>4. ഡിഫൻസിലും, സിവിലിലും സർവ്വീസ് ചെയ്ത വിമുക്തഭടന്മാരുടെ വിധവകൾക്ക് രണ്ട് പെൻഷൻ അനുവദിക്കുക.<br>5. എല്ലാ ജില്ലകളിലും War Memorial സ്ഥാപിക്കുക. |

| | |
|---|---|
| | 6. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും, പാർലമെന്റ് / അസംബ്ലി തുടങ്ങി നിയമ നിർമ്മാണസഭകളിലും വിമുക്ത ഭടന്മാർക്ക് പ്രാതിനിധ്യം ഉറപ്പാക്കുക.<br>7. വിമുക്തഭടന്മാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ സംവരണം വർദ്ധിപ്പിക്കുക.<br>8. സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.<br>9. Vocational Training Centres ആരംഭിക്കുക.<br>10. വിമുക്തഭടന്മാർക്ക് Professional Tax Exemption പോലുള്ള ആനുകൂല്യങ്ങൾ അനുവദിക്കുക.<br>11. വിമുക്തഭടന്മാർക്ക് ബസ്സിലും, ട്രെയിനിലും യാത്രചെയ്യുവാൻ പാസ്സ് അനുവദിക്കുക.<br>12. വിമുക്തഭടന്മാരുടെ പലരീതിയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആറു മാസത്തിലൊരിക്കൽ എല്ലാ ജില്ലകളിലും റവന്യൂ, പോലീസ് അധികാരികളെ ഉൾപ്പെടുത്തി ഒരു Ex-Servicemen Rally നടത്തുക. |
| ഡി) റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**